# വാണി

മേരിഗിരി ഹൈസ്കൂൾ മരഞ്ചാട്ടി



little KITEs

Scanned with CamScanner

# <u>ഇതളുകൾ വിരിയുമ്പോൾ</u>


1. എഡിറ്റോറിയൽ ബോർഡ്
2. സന്ദേശം
3. വർണചിത്രങ്ങൾ
4. ഓണം - ഐതിഹ്യം
5. വർണചിത്രങ്ങൾ
6. പദപ്രശ്നം
7. വർണചിത്രം
8. മാതൃഭാഷ എന്ന ചങ്ങാതി
9. ഭീതിയുടെ കഥ
10. വർണചിത്രങ്ങൾ
11. പ്രളയത്തിൽ മുങ്ങിയ കേരളം
12. കാത്തിരിപ്പിന്റെ രാത്രി (കവിത)
13. വർണചിത്രം
14. സയൻസ് ഫിക്ഷൻ - പ്രധാന എഴുത്തുകാർ
15. വർണചിത്രം
16. ഒടുക്കം അവശേഷിച്ചത് (കഥ)
17. തുണിത്തരങ്ങൾ
18. വർണചിത്രങ്ങൾ
19. 2019-20 അധ്യയന മികവുകൾ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റേഴ്സ് : ശ്രീമതി ബിന്ദു വട്ടക്കുട്ട്

: സി. സാലിയമ്മ ജോൺ

സബ് എഡിറ്റർ: കുമാരി ലെന അന്ന ബിനോയി

എഡിറ്റേഴ്സ്: മാസ്റ്റർ സഞ്ജയ് സണ്ണി

: മാസ്റ്റർ അൽത്താഫ്.സി

: മാസ്റ്റർ റോബിൻ തോമസ്

: മാസ്റ്റർ വിശാഖ് കെ. യു


Scanned with
CamScanner


# സന്ദേശം

പ്രിയകുഞ്ഞുങ്ങളെ, 'ഡിജിറ്റൽ മാഗസിൻ'
എന്ന വലിയ കർത്തവ്യം ഏറ്റെടുത്ത്, നിങ്ങളുടെ
സർഗ്ഗശേഷി കഥയായ്..... കവിതയായ്.... ലേഖന-
ങ്ങളായ്.... വർണ്ണ ചിത്രങ്ങളായ് വെളിച്ചം
കാണുമ്പോൾ ഇതിന്റെ പിന്നിലെ ദിനരാത്രങ്ങ-
ളിലെ നിങ്ങളുടെ കഷ്ടപ്പാട് ഞാൻ ഓർക്കുന്നു
ശാസ്ത്രസാങ്കേതികവിദ്യ അതിദ്രുതം മുന്നോട്ട്
കുതിക്കുമ്പോൾ നമ്മുടെ സ്കൂളും വിദ്യാർത്ഥികളും
അത്യാവേശം ചിറകുചലിപ്പിച്ച് പറന്നുയരുന്നുവെ-
ന്നത് അഭിമാനകരമാണ്. ഹൈടെക് യുഗത്തിൽ
പിടിച്ചുനിൽക്കാൻ നിങ്ങൾ കാണിക്കുന്ന ജാഗ്രതയും
പരിശ്രമവും ദൈവം കാണുന്നു. ഇത് ഒരു ചെറിയ
തുടക്കം മാത്രം. ചക്രവാളത്തിന്റെ അതിരുകൾ
നോക്കി സർഗഭാവന ചിറകു വിടർത്തി നാളെയുടെ
ലക്ഷ്യങ്ങളിലേക്ക് കുതിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.
നിങ്ങൾ ആർജ്ജിച്ച ഈ അറിവ് നിങ്ങളുടെ കൂട്ടു-
കാർക്കും ഉപകാരപ്പെടട്ടെ. ആശംസകൾ.....

MARY GIRI HIGH SCHOOL
Koombara P.O.
MARANCHATTY

MARIA BRIGET. K.P.
Headmistress
Marygiri High School
Maranchatty
Koombara - 673604

Scanned with CamScanner



by

Akhishnendu. P

IX

Akhish

21/10/2024

Scanned with
CamScanner




AKHISHNENDU .P 9A

# 5. ഓണം-ഐതിഹ്യം

മഹാബലിയുമായി ബന്ധപ്പെട്ട കഥയ്ക്ക് തന്നെയാണ് ഓണത്തിൻറെ ഐതിഹ്യങ്ങളിൽ പ്രഥമസ്ഥാനം. പണ്ട് മഹാബലി എന്ന അസുര ചക്രവർത്തി ആണ് നാട് ഭരിച്ചിരുന്നത്.ത്രിലോകങ്ങളിലും ജയിച്ചവൻ ആയിരുന്നു അദ്ദേഹം. മനുഷ്യരുടെ ക്ഷേമത്തിന് എന്തിനും ഏറെ വിലമതിച്ചിരുന്നു. ചക്രവർത്തിമാരുടെ സൽഭരണം സ്വർഗ്ഗത്തിലെ ദേവൻമാരുടെ പ്രഭ മങ്ങുവാൻ ഇടയാക്കി. അതു വീണ്ടെടുത്തു നൽകാമെന്ന് മഹാവിഷ്ണു സമ്മതിച്ചു. അപ്രകാരം വാമനൻ എന്ന ബ്രാഹ്മണ ബാലൻ ആയി മഹാവിഷ്ണു അവതരിച്ചു.എന്നിട്ട് തപസ്സു ചെയ്യുവാൻ മൂന്നടി മണ്ണ് മഹാബലിയോട് ചോദിച്ചു.മഹാബലി അത് നൽകാമെന്ന് സമ്മതിച്ചു. തൽക്ഷണം പ്രപഞ്ചത്തോളം വലിയ രൂപം കൈകൊണ്ടു വാമനൻ ഒരടി കൊണ്ട് ഭൂമിയും രണ്ടാമത്തെ അടികൊണ്ട് സ്വർഗ്ഗവും അളന്നു. മൂന്നാമത്തേത് എവിടെ എന്ന ചോദ്യത്തിന് സത്യവാനായ ബലി ചക്രവർത്തി സ്വന്തം ശിരസ്സ് കുനിച്ചു കൊടുത്തു. വാമനൻ ശിരസ്സിൽ ചവിട്ടി മഹാബലിയെ പാതാളത്തിലേക്ക് അയച്ചു.തൻെറ പ്രിയ ജനതയെ ആണ്ടിലൊരിക്കൽ വന്നു കണ്ടുകൊള്ളാം എന്ന് മഹാബലിക്ക് വാമനൻ നൽകിയ അവസരമാണ് തിരുവോണം ആയി കേരളീയർ ആഘോഷിക്കുന്നത്.

# ഐതിഹ്യങ്ങളുടെ കലവറയായ ഓണം

1961-ലാണ് ഓണം കേരളത്തിൻറെ ദേശീയ ഉത്സവമായി പ്രഖ്യാപിക്കപ്പെടുന്നത്. പട്ടം താണുപിള്ള കേരളം ഭരിക്കുമ്പോൾ, എന്നാൽ അതിനും എത്രയോ മുമ്പ് തന്നെ മലയാളികളുടെ മനസ്സിൻറെ അടിപടവിൽ മുദ്ര വെക്കപ്പെട്ട വാക്കാണ് ഓണം. ഐശ്വര്യത്തെയും സ്നേഹത്തിൻറെയും ആഘോഷമായി നാം ഓണത്തെ കാണുന്നു. മലയാളിയുടെ ചരിത്രത്തിലും സംസ്കാരത്തിലും പലതലങ്ങളിൽ പേരുകളുള്ള ഓണം എന്ന ആഘോഷം സമകാലികതയിലും പ്രസന്നതയോടെ നിലനിൽക്കുന്നു. അത്തപ്പൂക്കളം ഇടാനുള്ള പൂവിളി മുതൽ ഈച്ചയ്ക്കും ഉറുമ്പിനും ചോറ് കൊടുക്കുന്ന ചടങ്ങു വരെ നീണ്ടുനിൽക്കുന്ന അനുഷ്ഠാന വൈവിധ്യമാർന്ന ഒരു സ്നേഹ വിരുന്നാണ് ഓണം.

കർക്കിടക മാസത്തെ മഴക്കാറുകൾ നീങ്ങി ചിങ്ങ മാസത്തെ സ്വച്ഛമായ അന്തരീക്ഷത്തെ 'ചിങ്ങതെളിവ്' എന്നാണ് പറയുക. പ്രകൃതി ഒരുങ്ങി നിൽക്കുന്ന അവസരത്തിലാണ് ഓണം ആഘോഷിക്കുന്നത്. ഓണം വിളവെടുപ്പുത്സവമാണെന്ന അഭിപ്രായം ഉണ്ടാകുന്നത് പ്രകൃതി വീക്ഷണത്തിൻറെ അടിസ്ഥാനത്തിലാണ്. ഏതൊരു ജനതയുടെയും സംസ്കാരത്തിൻറെ സവിശേഷതകൾ അവരുടെ ഉത്സവ ആഘോഷങ്ങളിൽ ദർശിക്കുവാൻ കഴിയും. ഓണം കേരളീയർക്ക് മഹോത്സവമാണ് .


ആർദ്ര .എസ്.9


by
Akhishnendu P
IX
Akhish
21/10/2014




Scanned with CamScanner

# പദപ്രശ്നം




Lena Anna Binoy

IX·A

Scanned with CamScanner

# 6.മാതൃഭാഷ എന്ന ചങ്ങാതി

ഓരോ നാടിനും ചെറു സമൂഹങ്ങൾക്കും അവരുടെ ഭാഷയും സമത്വവും സംരക്ഷിക്കുവാനും നിലനിർത്തുവാനും കഠിന പ്രയത്നങ്ങൾ ആവശ്യമായി വന്നിരിക്കാം. ഭാഷാ ലളിത നിർവ്വചനത്തിൽ ആശയവിനിമയത്തിനുള്ള മാധ്യമവും സംസ്കാര പഠനത്തിനുള്ള ഉപാധിയും ആണ്. ഒരു ഭാഷയ്ക്ക് അത് സംസാരിക്കുന്ന ജനതയെ ഒന്നിച്ച് നിർത്താനുള്ള കഴിവുണ്ട്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കാൻ ഉള്ള ശ്രമങ്ങൾ ഇന്ത്യയിൽ ആരംഭിച്ചത് 1956 നവംബർ ഒന്നിനാണ്. ഈ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾ പുര സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ ഇന്ത്യയിൽ ആരംഭിച്ചത്. 1956 നവംബർ ഒന്നിനാണ് ഭാഷാടിസ്ഥാനത്തിൽ ഐക്യകേരളം പിറന്നത്. 2002 മുതൽ നവംബർ ഒന്നിന് മലയാള ദിനമായും ഒരാഴ്ചക്കാലം ഭരണഭാഷ വാരമായി ആചരിച്ച വരുന്നുണ്ട്. 2013 ലാണ് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചത്. നമ്മുടെ പൈതൃകം, പാരമ്പര്യം, നാട്ടറിവുകൾ, കാർഷികസംസ്കൃതി ,എന്നിവ നഷ്ടമാകുന്ന തരത്തിലുള്ള സ്വാധീനങ്ങളും ഇടപെടലുകളും അടുത്തകാലത്തായി വലിയതോതിൽ ഉണ്ടാകുന്നുണ്ട്. നാടിനും ചെറു സമൂഹങ്ങൾക്കും അവരുടെ ഭാഷയും സമത്വവും സംരക്ഷിക്കാനും നിലനിർത്താനും കഠിന പ്രയത്നങ്ങൾ ആവശ്യമായി വന്നിരിക്കുന്നു. ഒരു ജനസമൂഹം മാതൃഭാഷയെ സംരക്ഷിക്കുന്ന എന്നതിനർത്ഥം അവർക്ക് കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനുള്ള കരുത്തുണ്ട് എന്നാണ്. മലയാളികളായ നാം ഇക്കാര്യത്തിൽ വരുംകാലങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട് . മലയാളം എന്നത് ഒരു വികാരമായി ഓരോ മലയാളിയും തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്താൽ മാത്രമേ ഒരു ജീവൽ ഭാഷയായി മലയാളം എന്നും നിലനിൽക്കുകയുള്ളൂ...മലയാളത്തെ

സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ ഇംഗ്ലീഷ് അടക്കമുള്ള മറ്റു ഭാഷകൾ പഠിക്കാനുള്ള സൗകര്യങ്ങളും ഉണ്ടാകണം.

## 7.ഭീതിയുടെ കഥ


ഡ്രാക്കുള എന്ന നോവലിനെക്കുറിച്ച് കേട്ടിട്ടില്ലാത്തവരാരെങ്കിലുമുണ്ടോ. ബ്രോം സ്റ്റോക്കർ എന്ന പ്രതിഭ അനശ്വരമാക്കിയ ജനകീയ കൃതിയാണിത്. പക്ഷേ ഇന്നും ഡ്രാക്കുള പ്രഭുവും അദ്ദേഹത്തിൻറെ കോട്ടയും ഒരു ഭയാനക സ്വപ്നമായി നമ്മുടെ മനസ്സിൽ കിടക്കുന്നു. ധാരാളംനാടക-ചലച്ചിത്ര രൂപങ്ങളിലൂടെയും നോവലുകളിലൂടെയും ഇത് പ്രശസ്തമായി മാറി.1897 ലാണ് വായനക്കാരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിയ ഈ കൃതി പ്രസിദ്ധമായത്. ഇത് അങ്ങനെ വെറുതെ ഒരു ഹൊറർ നോവലായി തള്ളാനാവില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ ഇംഗ്ലീഷുകാരുടെ ജീവിതരീതി സൂക്ഷ്മമായി ആവിഷ്കരിക്കപ്പെട്ടുണ്ട്.ഭീതിയുടെയുംസൗന്ദര്യത്തിന്റെയും തലങ്ങളിലേക്ക് വായനക്കാരുടെ മനസ്സിനെ കൊണ്ടുചെന്നെത്തിക്കുന്നതിൽ ഈ നോവൽ ശ്രദ്ധേയമാണ്. 'ഡ്രാക്കുള' ശക്തമായ ഒരു മതവിശ്വാസത്തിന് അടിത്തറയിൽ നിന്നുകൊണ്ടാണ് എഴുതപ്പെട്ടിട്ടുള്ളത്. സ്വയം ഒരു രക്തസാക്ഷിയായ ഡ്രാക്കുളയ്ക്ക് മറ്റു മനുഷ്യരെ ആകർഷിക്കാനും അവരെ രാക്ഷസരാക്കി മാറ്റാനുമുള്ള കഴിവുണ്ട്. ജോനാഥൻ,ഹാർക്കർ, മിനാ മുറേ, ഡോക്ടർ സുവേർഡ്എന്നിവരുടെ ഡയറി കുറിപ്പുകളിലൂടെയും ഇവർ പരസ്പരം അയച്ച കത്തുകളിലൂടെയും ചില പത്ര റിപ്പോർട്ടുകളുടെ രൂപത്തിലാണ് നോവൽ അവതരിപ്പിച്ചിരിക്കുന്നത്.ഹംഗേറിയൻ യാത്രികനും എഴുത്തുകാരനുമായ വംബെറി ആർവിനെ കണ്ടുമുട്ടിയതും കാർപ്പത്തിയൻ മലനിരകളെ കുറിച്ചുള്ള നിഗൂഢത നിറഞ്ഞ അദ്ദേഹത്തിൻറെ കഥകളുമാണ് ഡ്രാക്കുളയുടെ രചനയ്ക്ക് ബ്രോം

സ്റ്റോക്കറെ പ്രേരിപ്പിച്ചത്. ചെകുത്താൻ എന്ന അർത്ഥം വരുന്ന ' ഡ്രാഗ് ' എന്ന റൊമാനിയൻ പദത്തിൽ നിന്നാണ് ഡ്രാക്കുള എന്ന വാക്കിൻറെ ഉൽപത്തി.അഭിഭാഷകനായ ജോനാഥൻ തൻറെ സുഹൃത്ത് പീറ്റർ ഹാക്കിൻസിന് പകരം ഡ്രാക്കുള പ്രഭുവിനെ ക്ഷണം സ്വീകരിച്ച് ജോനാഥൻ ലണ്ടനിലെ ട്രാൻസിൽ വിയായിലുള്ള ഡ്രാക്കുള കോട്ടയിലേക്ക് അയക്കപ്പെട്ടു. പക്ഷേ ഡ്രാക്കുള കോട്ടയിലേക്കുള്ള യാത്ര ജോനാഥനെ ഭയചകിതൻ ആക്കി.കോട്ടയിൽ എത്തിയ അദ്ദേഹത്തെ പ്രഭു മാന്യമായി സ്വീകരിച്ചു.പക്ഷേ അവിടുത്തെ താമസത്തിനിടയിൽ അവന് വിചിത്രമായ ചില സംഭവങ്ങൾക്ക് സാക്ഷിയായി.പ്രഭു ഒരിക്കലും ഭക്ഷണം കഴിക്കുന്നത് അവൻ കണ്ടിരുന്നില്ല. കണ്ണാടിയിൽ പ്രഭുവിന്റെ പ്രതിബിംബം കാണാൻ കഴിഞ്ഞിരുന്നില്ല. ചോര കാണുമ്പോൾ പ്രഭുവിന് ആവേശവും ആർത്തിയും ഉണ്ടായിരുന്നു .വിശുദ്ധ വസ്തുക്കൾ കാണുമ്പോൾ പ്രഭു പുറകോട്ട് പോകുമായിരുന്നു. ആ കോട്ടയ്ക്കു ചുറ്റും കടവാവലുകളും ചെന്നായ്ക്കളും കാവലാണ്.അയാൾ രാത്രിയിൽ കോട്ടയിൽ ഉണ്ടാകാറില്ല. ഈ നിരീക്ഷണങ്ങളിലൂടെ ഡ്രാക്കുള ഒരു രാക്ഷസൻ ആണെന്ന് അവന് തോന്നുന്നു. ഹാർക്കർ കോട്ടയിൽ നിന്ന് സാഹസികമായി രക്ഷപ്പെടുന്നു. പിന്നീട് ഡ്രാക്കുള ലണ്ടനിൽ വരുകയും പലരും അയാളുടെ ക്രൂര വിനോദത്തിന് ഇരയാവുകയും ചെയ്തു. പിന്നീട് ചിലർ ഒരുമിച്ച് ഡ്രാക്കുളയെ ഇല്ലാതാക്കാൻ തീരുമാനിക്കുന്നു. ആ പദ്ധതി വിജയിക്കുകയും ചെയ്യുന്നു. ഈ നോവൽ എല്ലാവരുടെ മനസ്സിലും ഇടംപിടിച്ച നോവലാണ്.

ഷെറിൻ ജെയ്സൺ .IX




Adithya.P.M
VIII


Adithya.P.M
VIII

# 8.പ്രളയത്തിൽ മുങ്ങിയ കേരളം

കേരളം അതീവ ഭീകരമായ ഒരു കാലഘട്ടത്തിലൂടെ കടന്നു പോവുകയാണ്. മഴയും പുഴയും മലയും എല്ലാം നമ്മുടെ നേർക്ക് സംഹാര ഭാവത്തിൽ തിരിഞ്ഞിരിക്കുന്ന കാലമാണ്. പ്രളയം എന്നത് മനുഷ്യൻറെ പേടിസ്വപ്നമാണ്. മഴയെ നമ്മൾ അതീവ ഭയത്തോടെ നോക്കി കാണുന്നു. ഇതിൽ നിന്നും രക്ഷപ്പെടാൻ മനുഷ്യരായ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഒരുപാടുണ്ട്. പ്രളയം സംഭവിച്ചാൽ ജനങ്ങൾ ജാഗ്രതയോടെയും വേണ്ടിവന്നാൽ സുരക്ഷിതസ്ഥാനങ്ങളിലേക്ക് പോകാൻ തയ്യാറെടുക്കുകയും വേണമെന്നമാണ് മനസ്സിലാക്കേണ്ടത്. ഈശ്വരൻ നമ്മുടെ കൊച്ചു കേരളത്തെ രക്ഷിക്കട്ടെ എന്ന് നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.



## 9.കാത്തിരിപ്പിൻ രാത്രി

എന്തിനു നീയെന്നെ മറന്നുണ്ണീ....
തൻ മാതാവിൻ മടിയിലുറങ്ങാൻ
വരാതിരുന്നതെന്തിനുണ്ണീ.....
മാറാത്ത വേദനയിൽ
ഞാനെന്നും നൊമ്പരപ്പെടുമ്പോൾ
ആരുമില്ലാശ്രയം എന്നു ചൊല്ലി ഞാൻ
വേദനയായ് എൻ ഹൃദയം....
വാടാത്ത പുഷ്പമായ്
എന്നും കഴിയുന്നു
മാമലകൾ നിന്നെയും നോക്കിയിരിപ്പായ്
അന്ധകാരം നിറഞ്ഞ എൻ ജീവിതം.....
തിരിഞ്ഞുനോക്കാതെ പോയി..നീ....
അന്നു നീ....മറന്നെന്നെ
ഇന്നു ഞാൻ കാത്തിരിപ്പായ്....
നിൻ അജ്ഞാത വരവിനായ്....
ആരോടും പറയാതെ അവശനായി അലഞ്ഞു നീ....
എൻ കാത്തിരിപ്പിൻ ഫലമില്ലേ
സ്വർഗ്ഗക്കവാട പരവതാനി..നീ...
ഈ അമ്മയുടെ സ്വർണ്ണമാളിക നീ...
എൻ ഉറക്കമില്ലാത്ത രാത്രികൾ
എൻ ഏകാന്ത രാത്രികൾ
ഇനി..എൻ..കാത്തിരിപ്പിൻ രാത്രി കൂടി...

അയോണ വി.എ .VIII


Akhishnendu.P
IX A
Roll No = 3
Scanned with CamScanner

# 10.സയൻസ്ഫിക്ഷൻ -പ്രധാന എഴുത്തുകാർ

**ജൂൾസ് വെർ** : 1828 ൽ ജനിച്ച ,1905 ൽ അന്തരിച്ച ജൂൾസ് വെ ആണ് ഫാദർ ഓഫ് സയൻസ്ഫിക്ഷൻ എന്ന പേരിൽ അറിയപ്പെടുന്നത് . ജൂൾസ് വിശദീകരിച്ചിട്ടുള്ള ഈതർ മീഡിയവുമായി ബന്ധപ്പെട്ട താപവും പ്രകാശവും എന്ന കണ്ടെത്തലാണ് 1887 ൽ മൈക്കൽസനും മോർലിക്കും പ്രകാശത്തിൻറെ പ്രവേഗം കണ്ടെത്താൻ സഹായകമായത്. അലുമിനിയം ലോഹം വേഗത്തിൽ വേർതിരിക്കാനുള്ള മാർഗ്ഗവും ജൂൾസ് പ്രതിപാദിച്ചതിനുശേഷമാണ് വളരെ എളുപ്പത്തിൽ സാധ്യമായത്.

**ഐസക് ഐസി മോവ്**:ബയോ കെമിസ്ട്രി അധ്യാപകനായിരുന്ന ഐസി മോവ്. അദ്ദേഹത്തിൻറെ രചന സയൻസ് ഫിക്ഷൻ സാഹിത്യ ശാഖയിലെ ആധുനിക വിഭാഗവുമായി പരിഗണിക്കപ്പെടുന്നു.

**റോബർട്ട് ഹെയ്ൻ ലീൻ**:സയൻസ് ഫിക്ഷനിസ്റ്റുകളുടെ കൂട്ടത്തിൽ ഗ്രാൻഡ് മാസ്റ്റർ എന്നറിയപ്പെടുന്ന വ്യക്തിയാണ് റോബർട്ട് ഹെയ്ൻലീൻ.അദ്ദേഹത്തിനു ഹ്യൂഗോസ്,റിട്രോ ഹ്യൂഗോസ് എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.1937 ൽ വാട്ടർ ബെഡ്,സെൽഫോൺ എന്നിവയെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

ആദില അബ്ബാസ് .IX



Scanned with CamScanner

## 11.ഒടുക്കം അവശേഷിച്ചത്

സമയം ഏതാണ്ട് ഉച്ചയോടടുത്തിരിക്കുന്നു. ചിങ്ങവെയിലിൽ കുളിച്ചുനിൽക്കുകയാണ് പിന്നാമ്പുറത്തെ ചെറിയ തോപ്പ്. ഇലഞ്ഞി കൊമ്പുകളും തെങ്ങോല തലപ്പുകളും വെയിൽ തട്ടി തിളങ്ങുന്നു.ഓണം പൂക്കളുടെയും കൂടി ആഘോഷം ആണല്ലോ. അത് ഓർമ്മിപ്പിക്കാനെന്നോണം പൂത്തുലഞ്ഞുനിൽക്കുന്ന രാജമല്ലിയും പന്തീരടിയും ചുവന്ന നാടൻ ചെമ്പരത്തിയും.താഴേക്ക് നോക്കിയാൽ നിലംപറ്റി വളർന്നുനിൽക്കുന്ന ഇളം വയലറ്റ് കാക്ക പൂവുകൾ. പിന്നെ മഞ്ഞയും പിങ്കും വെള്ളയും നിറം ഉള്ള കൊച്ചു പേരറിയാപൂവുകൾ. അവയെ കാണാൻ എന്തൊരു ചേല്.പുൽ പടർപ്പിൽ കുടുങ്ങിപ്പോയ കുഞ്ഞു നക്ഷത്രങ്ങൾ. ചുറ്റും നാനാജാതി മരങ്ങളും ഫലവൃക്ഷങ്ങളും. കണ്ണെത്താദൂരത്തോളം അങ്ങനെ നിരനിരയായി നിലകൊള്ളുന്ന റബർ മരക്കാടുകൾ,ഇടയ്ക്ക് പാറക്കൂട്ടങ്ങൾ, ചെറിയ കൈത്തോടുകൾ, അവയിൽ തന്നെ കളിക്കുന്ന വെളിഞ്ഞിലുകൾ, വാൽമാക്രികൾ. പെട്ടെന്ന്, മലമ്പാതകൾ താണ്ടി ഒരു ജീപ്പ് ആടി കുലുങ്ങി വീട്ടുമുറ്റത്ത്. ആദ്യം ഇറങ്ങിയത് വാളാടി മത്തൻ എന്ന വെടിക്കാരൻ.ഇടിമുഴക്കം പോലുള്ള ചിരി. കാട് പോലത്തെ പുരികങ്ങൾ. വലിയൊരു പനമരം പോലത്തെ കുറ്റൻ ശരീരം. കവിളുകളും കടന്നു നിൽക്കുന്ന മീശതഴപ്പ്. തോളിൽ തൂക്കിയിട്ട തോക്ക്. അതാണ് വാളാടിമത്തൻ.

ആഞ്ഞിലി മരച്ചുവട്ടിൽ ഇരുന്ന ഞാൻ മുഖം പൊത്തി വിങ്ങിക്കരഞ്ഞു. കണ്ണീർ മഴയിലൂടെ ഞാൻ ആ കാഴ്ച കണ്ടു. കുഞ്ഞാപ്പിയുടെ കയ്യിലെ കാട്ടുപയർ വള്ളിയിൽ തൂങ്ങിയാടുന്ന ചെറുപക്ഷികൾ. രക്തം ഇറ്റുവീഴുന്ന ജഢങ്ങൾ.ആരവങ്ങൾ ഒഴിഞ്ഞു പോയപ്പോൾ എന്താണ് ബാക്കിയുണ്ടായിരുന്നത്? എങ്ങും ചിതറിക്കിടക്കുന്ന വർണ്ണ തൂവലുകൾ. തുടിക്കുന്ന ചോര പൊട്ടുകൾ.

തകർന്നു പതിച്ച ചുവൽ സ്വപ്നങ്ങൾ. ഒടുക്കം ദു:ഖത്തിലാണ്ട എൻറെ പാവം ഹൃദയവും.

അനഘശ്രീ അനീഷ് .IX

# 12.തുണിത്തരങ്ങൾ

## നൈസ് നൈലോൺ

. ഫൈബർ ഗ്ലാസ് നാരു കഴിഞ്ഞാൽ ഏറ്റവും ബലമുള്ള തുണിയാണ് നൈലോൺ.

. ഏറ്റവും ഭാരം കുറഞ്ഞ തുണികളിൽ ഒന്നുകൂടിയാണ് നൈലോൺ.

. പട്ടുവസ്ത്രം പോലെ തിളക്കമുള്ള നൈലോൺ തുണി- കെയാനൊ നൈലോൺ.

. നൈലോണിൽ ഉള്ള രാസസംയുക്തങ്ങൾ അറിയപ്പെടുന്നത്- പോളി അമൈഡുകൾ.

. നൈലോൺ 6, 6.6, 6.0 മുതലായവയാണ് പ്രധാനപ്പെട്ട നൈലോൺ നാരുകൾ.

## പട്ട്

.പട്ടിന്റെ ജന്മനാട് ചൈനയാണ്.

.പട്ട് ഉത്പാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണ്.

.പട്ടിന്റെ ഏറ്റവും വലിയ ഉപഭോക്താവ് ഇന്ത്യയാണ്.

.പട്ട് നഗരം എന്നറിയപ്പെടുന്നത് പൊച്ചം പള്ളി(ആന്ധ്ര പ്രദേശ്).

.പട്ട് ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം കർണാടകം ആണ്.

.പട്ടുനൂൽ ഉല്പാദിപ്പിക്കുന്ന പട്ടുനൂൽ പുഴുവിന്റെ അവയവം-ഉമിനീർ ഗ്രന്ഥികൾ

.പട്ടുനൂൽപുഴുവിന്റെ ആയുസ്-50 ദിവസം

## കമ്പിളി

.മെറിനോ വിഭാഗത്തിലുള്ള ചെമ്മരിയാടുകളിൽ നിന്നാണ് ഏറ്റവും മികച്ച തരം കമ്പിളിരോമങ്ങൾ ലഭിക്കുന്നത്.

.ലോകത്ത് ഏറ്റവും കൂടുതൽ കമ്പിളി ഉൽപ്പാദിപ്പിക്കുന്ന രാജ്യം ഓസ്ട്രേലിയയാണ്.

.കമ്പിളിരോമങ്ങളിൽ അടങ്ങിയിട്ടുള്ള എണ്ണ ലാനൊലിനാണ്.

.വർഷത്തിലൊന്നാണ് കമ്പിളിരോമങ്ങൾ വെട്ടിയെടുക്കുന്നത്.

.സുവർണ്ണ കമ്പിളിയുടെ നാട്-ഓസ്ട്രേലിയ.

റോബിൻ തോമസ്. IX


Alphonsa P.J
VIII




Scanned with CamScanner



Scanned with CamScanner

# 2019-2020

# അധ്യയന

# മികവുകൾ

# വിജയോത്സവം -2019 - 2020



# <u>വിജയഭേരി</u>


100%
വിജയപഥത്തിൽ തുടർച്ചയായി
8-ാം വർഷം
നാടിനഭിമാനമായി
മേരിഗിരി ഹൈസ്കൂൾ – മരഞ്ചാട്ടി
2019 മാർച്ച് SSLC പരീക്ഷയിൽ 100% വിജയം നേടിയ
എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ
9 A+
9 A+
9 A+
9 A+
9 A+
മരിയ റോയി
അതുല്യ ടി. തോമസ്
അമൃത. വി.എ
മുഹമ്മദ് ആസിഫ്
അരുൺ കെ. സുരേഷ്
വ്യക്തിപരമായ പരിഗണനയും ശ്രദ്ധയും
കൗൺസിലിംഗ്
പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സുകൾ
ഹൈടെക് ക്ലാസ്സ് മുറികൾ
പ്രഗത്ഭരായ അധ്യാപകർ
വിദഗ്ദ്ധരുടെ ക്ലാസ്സുകൾ
ശാന്തമായ അന്തരീക്ഷം
മികവുറ്റ മാനേജ്മെന്റും പി.ടി.എ യും സ്റ്റാഫും
Little kites, JRC ക്ലബ്ബുകളിൽ ചേർന്ന് പ്രവർത്തിക്കാൻ എവർക്കും അവസരം...
അഡ്മിഷൻ തുടരുന്നു
മാനേജ്മെന്റ്, പി.ടി.എ & സ്റ്റാഫ്

# <u>സ്കൂളിന്റെ അഭിമാനതാരം</u>



# '**ജോസഫിൻ' ഒരു കൈതാങ്ങ്**

# **ചികിത്സാ പദ്ധതി**



# സ്കൂളിനൊരു - കരാട്ടെ പരിശീലനം



# ഹിരോഷിമ - നാഗസാക്കി ദിനാചരണം



# ഉപജില്ല കലോത്സവം- നമ്മുടെ
# വിദ്യാർത്ഥികൾ വീഡിയോ
# ഷൂട്ടിംഗിനിടയിൽ.



# മാതൃഭാഷാദിനം

